ഉത്തരം

(എ) ലഭിച്ചിരുന്നു. (2000 ജനുവരി 12 മുതൽ 15 വരെയാണ് മൽസരങ്ങൾ നടന്നത്).

(ബി) കൊണ്ടുപോയിരുന്നു.

(സി) തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേർന്ന സമയത്ത് ഇക്കാര്യം സ്പോർട്സ് കൗൺസിൽ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല.

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നാണ് ഈ കുട്ടിക്ക് ചികിത്സ ലഭിക്കുന്നത്.

(ഇ) കുട്ടിയുടെ നെറ്റിയിലെ മുറിവ് പൂർണ്ണമായും ഉണങ്ങിയെങ്കിലും മാനസിക വിഭ്രാന്തിക്കുള്ള ചികിത്സ ഏതാനും മാസങ്ങൾ കൂടി തുടരേണ്ടി വരുമെന്നാണ് മെഡിക്കൽ പരിശോധനാ റിപ്പോർട്ടിൽ പറയുന്നത്.

(എഫ്) ലഭിച്ചിരുന്നു. 16-2-2000ൽ ആണ് അപേക്ഷ ലഭിച്ചത്.

(ജി) ഈ അപേക്ഷയിൽമേൽ കേരളാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ റിപ്പോർട്ടു കൂടി ആവശ്യപ്പെട്ടിരിക്കുകയാണ്.

(എച്ച്) സർക്കാരിൽ നിന്നും ഇതുവരെ സഹായമൊന്നും നൽകിയിട്ടില്ല.

(ഐ) അപേക്ഷയിൽമേൽ സ്പോർട്സ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ റിപ്പോർട്ടു കൂടി ലഭിച്ചതിനുശേഷം എത്രയും പെട്ടെന്ന് സഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ജെ) ചികിത്സയ്ക്കു വേണ്ടിവന്ന തുകയുടെ കണക്ക് ലഭ്യമല്ല. കുട്ടിക്ക് സാമ്പത്തികസഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

228 (2544) അഖിലേന്ത്യാ സിവിൽ സർവ്വീസ് ഫുട്ട്ബോൾ-കേരള ടീം

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം തിരുവനന്തപുരത്ത് വച്ച് ഫെബ്രുവരി 16 മുതൽ 23 വരെ നടന്ന അഖിലേന്ത്യാ സിവിൽ സർവ്വീസസ് ഫുട്ബോൾ മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് ആരൊക്കെ പങ്കെടുത്തു; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അഖിലേന്ത്യാ മത്സരങ്ങളിൽ പങ്കെടുക്കുന്ന കേരള സ്റ്റേറ്റ് സിവിൽ സർവ്വീസസ് ടീമുകൾക്ക് എത്ര ദിവസത്തെ പരിശീലനത്തിനാണ് അർഹതയുള്ളത്;

(സി) കേരള സ്റ്റേറ്റ് സിവിൽ സർവ്വീസസ് ഫുട്ബോൾ ടീമിന് എത്ര ദിവസത്തെ കോച്ചിംഗ് ക്യാംപ് നടത്താനാണ് ഉദ്ദേശിച്ചിരുന്നത്; ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കേണ്ടത് ആരാണ്;

(ഡി) ഒരു മാസത്തെ കോച്ചിംഗ് ക്യാംപ് നടത്തുന്നതിന് അനുവാദം ലഭിച്ചു കൊണ്ടുള്ള സ്പോർട്സ് ഡയറക്ടറുടെ കത്ത് സർക്കാരിന് ലഭിച്ചിരുന്നോ; എങ്കിൽ എന്നാണ് ലഭിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അഖിലേന്ത്യാ സിവിൽ സർവ്വീസ് മത്സരങ്ങളിൽ പങ്കെടുക്കാൻ കേരള ടീം അംഗങ്ങൾക്ക് അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്;

(എഫ്)ഇതു സംബന്ധിച്ച് പത്ര മാദ്ധ്യമങ്ങളിൽ വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കേരള ടീം എത്ര കളികൾ ജയിച്ചു; ഏതു തലംവരെ എത്തിയെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഉത്തരവ് പുറപ്പെടുവിക്കാൻ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുത്തരവാദികളായവരുടെ പേരിൽ ശിക്ഷാനടപടികൾ സ്വീകരിക്കുമോ;

(ഐ) ഇത് ആവർത്തിക്കാതിരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ വർഷം നടന്ന അഖിലേന്ത്യാ സിവിൽ സർവ്വീസസ് ഫുട്ബോൾ മത്സരത്തിൽ, താഴെ പറയുന്നവർ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

ശ്രീ. സി. കുഞ്ഞൻ
ശ്രീ. പി. നായർ
ശ്രീ. പി.റ്റി. ചാക്കോ
ശ്രീ. എസ്. രഘുകുമാർ
ശ്രീ. പി.കെ. റോസിക്ക്
ശ്രീ. പി.സി. കൃഷ്ണമൂർത്തി
ശ്രീ. കെ. മോഹനൻ
ശ്രീ. കെ. സജീന്ദ്ര മോഹൻ
ശ്രീ. നിഷാർ
ശ്രീ. കെ.കെ. വേണു ഗോപാൽ
ശ്രീ. ജി.എസ്. ബൈജു
ശ്രീ. കെ. ബാലഗോപാലൻ
ശ്രീ. വി.സി. ഷാജി
ശ്രീ. ബി. സുരേന്ദ്രനാഥ്
ശ്രീ. കെ.എ. ആന്റണി
ശ്രീ. എ.ജി. ഉണ്ണികൃഷ്ണൻ
ശ്രീ. ആർ. വിശ്വനാഥപിള്ള

ടീമിന്റെ മാനേജറും ശ്രീ. ഭാസി സി. ഉമ്മർ പരിശീലകനും ആയിരുന്നു.

(ബി) ഏഴു ദിവസത്തെ പരിശീലനത്തിന് അർഹതയുണ്ട്.

(സി) നിലവിലുള്ള സംവിധാനം തുടരാനാണ് ഗവൺമെന്റ് ഉദ്ദേശിച്ചിരുന്നത്.

(ഡി) ലഭിച്ചിരുന്നു 17-11-99 ന് ലഭിച്ചു.

(ഇ) 11-2-2000 ന് ഉത്തരവ് പുറപ്പെടുവിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉണ്ട്.

(ജി) രണ്ടു കളികളിൽ ജയിച്ചു. ക്വാർട്ടർഫൈനൽ തലംവരെ എത്തി.

(എച്ച്) കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

229 (2545) തുറമുഖങ്ങളുടെ വികസനം

<u>ശ്രീ. എൻ.ആർ. ബാലൻ</u> :
<u>ശ്രീ. പി. വിശ്വൻ</u> :
<u>ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :</u>
<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> :
<u>ശ്രീ. ജി. സുധാകരൻ :</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികൾ രൂപം നൽകിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഏതെല്ലാം തുറമുഖങ്ങളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിനുവേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ആലപ്പുഴ തുറമുഖ വികസനത്തിന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഇ) കായംകുളം, കൊടുങ്ങല്ലൂർ, അഴീക്കൽ, ബേപ്പൂർ തുടങ്ങിയ തുറമുഖങ്ങളുടെ വികസനത്തിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി പദ്ധതി സമർപ്പിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ)&(ബി) സംസ്ഥാനത്ത് തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി നീണ്ടകര, ബേപ്പൂർ, അഴിക്കൽ എന്നീ തുറമുഖങ്ങളിൽ ചില വികസന പ്രവർത്തനങ്ങൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ബേപ്പൂർ അഴിമുഖത്ത് 860 മീറ്റർ, 820 മീറ്റർ വീതം നീളമുള്ള രണ്ടു പുലിമുട്ടുകൾ നിർമ്മിച്ചിട്ടുണ്ട്. ബേപ്പൂരിൽ നിലവിലുള്ള 150 മീറ്റർ നീളമുള്ള വാർഫിന്റെ പണി പുരോഗമിച്ചുവരുന്നു. നീണ്ടകരയിൽ രണ്ടു പുലിമുട്ടുകൾ 70 മീറ്റർ യാർഡ്, ട്രാൻസ്റ്റ് ഫെഡ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. അഴികല്ലിൽ 1070 മീറ്റർ, 1150 മീറ്റർ വീതം നീളമുള്ള രണ്ട് പുലിമുട്ടുകളുടെ നിർമ്മാണം നടപ്പാക്കിവരുന്നു. ഇതുകൂടാതെ സംസ്ഥാനത്തെ തുറമുഖങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം ഒരു വാണിജ്യതുറമുഖമായി വികസിപ്പിക്കുന്നതിന് സെക്കന്തരാബാദിലെ "കുസാർക്ക്" എനർജി കോർപ്പറേഷനുമായും, തങ്കശ്ശേരിയിൽ ഒരു സിമന്റ് ടെർമിനൽ സ്ഥാപിക്കാൻ "അംബുജം സിമന്റ്സ്" എന്ന കമ്പനിയുമായും മുനമ്പം (കൊടുങ്ങല്ലൂർ) ത്ത് ഒരു സിമന്റ് ടെർമിനൽ സ്ഥാപിക്കാൻ "സൗരാഷ്ട്രാ സിമന്റ്സ്"എന്ന കമ്പനിയുമായും ബേപ്പൂരിൽ ഒരു എൽ.പി.സി. പ്ലാന്റ് സ്ഥാപിക്കാൻ മൊയീൻ പി വീസ് കമ്പനി ലിമിറ്റഡ്-ആയും, അഴിക്കലിൽ കംബൈൻസ് സൈക്കിൾ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി കെ.പി.പി.നാപ്യാർ ആന്റ് അസ്സോസിയേറ്റ്സ് എന്ന കംപനിയുമായും ധാരാണാപത്രം ഒപ്പ് വച്ചിട്ടുണ്ടായിരുന്നു. ഇതിൽ ബേ

LIBRARY ARCHIVES Kerala Legislative Assembly